## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതെ ശിഷ്യന്മാർ ഒരുങ്ങിപ്പോഴക്കും സ്വർഗ്ഗം തയ്യാറായി കഴിഞ്ഞു. യേശുവിന്റെ അപേക്ഷപ്രകാരം പിതാവായ ദൈവം പരിശുദ്ധാത്മാവിനെ ശിഷ്യഗണത്തിന്മേൽ അയച്ചു. ആ മാളിക മുറിയിലേക്ക് ആത്മാവ് അന്ന് – ആ പെന്തിക്കോസ്ത് നാളിൽ – ഇറങ്ങി വന്നു. അവിടെ ഉണ്ടായിരുന്ന ശിഷ്യവൃന്ദത്തിന്റെ മേൽ ആത്മാവ് പകർന്നു. അവരെല്ലാവരും ആത്മാവ് നിറഞ്ഞവരായി, ആത്മാവ് അവർക്ക് നൽകിയ പ്രകാരം അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. അങ്ങനെ നല്ല ഇടയനായ യേശുവിന്റെ വാഗ്ദത്തപ്രകാരം ആത്മാവ് വന്നു. പക്ഷെ ആ അനുഭവം അവിടെ നിന്നില്ല. സഭ എവിടെയെല്ലാം വ്യാപിച്ചോ അവിടെയെല്ലാം ഈ അനുഭവം ഉണ്ടായി. ഇന്നും ഇത് തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സഭ എവിടെയെല്ലാം നിലനിൽക്കുന്നവോ അവിടെയെല്ലാം ഈ അനുഭവവും നിലനിൽക്കുന്നു. സഭ എവിടെയെല്ലാം വ്യാപിക്കുന്നവോ അവിടെയെല്ലാം ഇതും വ്യാപിച്ചുകൊണ്ടിരിക്കുന്നു. വാഗ്ദത്തത്തിനായി ഒരുങ്ങുന്ന എല്ലാ വ്യക്തികളും ഈ അനുഭവം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ആത്മാവ് സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെടുവാൻ കാത്തിരിക്കേണ്ടതില്ല. എന്നാൽ നാം പ്രാപിക്കുവാൻ കാത്തിരിക്കേണ്ടതുണ്ട്. നാം ഈ അനുഭവം പ്രാപിച്ചോ?

എങ്കിൽ അതിനായി ദൈവത്തെ സ്തുതിക്കുക. അത് പ്രാപിച്ചിട്ടില്ലെങ്കിൽ കർത്താവ് തന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന ഈ ആത്മീയ അനുഭവം പ്രാപിക്കുവാൻ ഇനിയും ഒട്ടും താമസിയാതെ തയ്യാറാകുക. യേശു പറഞ്ഞത്, 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പോലെ ജീവജലനദികൾ ഒഴുകും' എന്നാണ്. സമൃദ്ധിയായതും നിലയ്ക്കാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായ അനുഭവത്തെയാണ് ഇത് കാണിക്കുന്നത്. യേശുവിന്റെ അടുക്കൽ വരുന്നവർക്ക്, വിശ്വസിക്കുന്നവർക്ക്, അല്പമായി ജലം നൽകപ്പെടുന്ന അനുഭവമല്ലിത്, പ്രത്യുത ആ പ്രവാഹം നാമുമായി ബന്ധിപ്പിക്കപ്പെടുന്ന അനുഭവമാണ്. അതിൽ നിന്നും കുടിക്കുന്നവർ സമ്പൂർണ്ണതൃപ്തരായി തീരുന്നുവെന്നു മാത്രമല്ല, മററുള്ളവർക്കു കൂടെ പകർന്നുകൊടുക്കുവാൻ തക്കവണ്ണം പര്യാപ്തരായിത്തീരുകയും ചെയ്യുന്നു. ഒരിക്കൽ ഈ അനുഭവം പ്രാപിക്കുന്നത് അഭികാമ്യവും പ്രശംസനീയവും ആനന്ദപ്രദവുമാണ്. എന്നാൽ അത് ഒരിക്കൽ പ്രാപിച്ച് അവസാനിപ്പിക്കേണ്ടതല്ല. അത് ലക്ഷ്യമല്ല, ഒരു ആരംഭം മാത്രമാണ്. അപ്രകാരം ആത്മസ്നാനം പ്രാപിച്ചവർ, ദിനം തോറും ആ നദിയിൽ നിന്നും കുടിച്ച് നിറവുള്ളവരായി നിലനിൽക്കേണ്ടത് ആവശ്യമാണ്.

തുടരും....